**മധുരമായ കുട്ടികളേ- സഹോദരീ- സഹോദര ബോധത്തിൽ നിന്നുപോലും ഉപരിയായി സഹോദര-സഹോദരരാണ് എന്ന് മനസ്സിലാക്കൂ എങ്കിൽ ദൃഷ്ടി നിർവ്വികാരിയായി മാറും, ആത്മാവിന്റെ ദൃഷ്ടി എപ്പോൾ നിർവ്വികാരിയാകുന്നുവോ അപ്പോൾ കർമ്മാതീതമാകാൻ സാധിക്കും.**

**ചോദ്യം-** തന്റെ കുറവുകളെ ഇല്ലാതാക്കാൻ വേണ്ടി ഏതൊരു യുക്തിയാണ് രചിക്കേണ്ടത്?
**ഉത്തരം-** സ്വഭാവത്തിന്റെ രജിസ്റ്റർ വെയ്ക്കൂ. അതിൽ ദിവസവും കണക്കുകൾ രേഖപ്പെടുത്തൂ. രജിസ്റ്റർ വെയ്ക്കുന്നതിലൂടെ തന്റെ കുറവുകളെ തിരിച്ചറിയാൻ കഴിയും പിന്നീട് സഹജമായിത്തന്നെ അതിനെ ഇല്ലാതാക്കാൻ സാധിക്കും. കുറവുകളെ ഇല്ലാതാക്കി ഇല്ലാതാക്കി ഒരു ബാബയുടെ ഓർമ്മയല്ലാതെ മറ്റൊന്നും ഓർമ്മ വരാത്ത സ്ഥിതിയിലേയ്ക്ക് എത്തിച്ചേരണം. ഒരു പഴയ വസ്തുവിലും മമത്വം വെയ്ക്കരുത്. ഒന്നും യാചിക്കുന്നതിനുള്ള ആഗ്രഹം ഉള്ളിൽ ഉണ്ടാകരുത്.

**ഓംശാന്തി.** ഒന്ന് മാനവ ബുദ്ധി, രണ്ട് ഈശ്വരീയ ബുദ്ധി, പിന്നെയുള്ളത് ദൈവീക ബുദ്ധി. മാനവ ബുദ്ധി ആസുരീയ ബുദ്ധിയാണ്. വികാരീ ദൃഷ്ടിയാണല്ലോ. ഒന്ന് നിർവ്വികാരീ ദൃഷ്ടി, രണ്ടാമത് വികാരീ ദൃഷ്ടി. ദേവതകൾ നിർവ്വികാരികളാണ്, നിർവ്വികാരീ ദൃഷ്ടിയാണ്, ഇവിടെയുള്ളത് കലിയുഗീ മനുഷ്യരാണ് അവർ വികാരികളാണ്, ദൃഷ്ടി ക്രിമിനലാണ്. അവരുടെ ചിന്തകൾപോലും വികാരങ്ങൾ നിറഞ്ഞതായിരിക്കും. ക്രിമിനൽ ദൃഷ്ടിയുള്ളവർ രാവണന്റെ ജയിലിൽ ബന്ധിതരാണ്. രാവണ രാജ്യത്തിൽ എല്ലാവരും ക്രിമിനൽ ദൃഷ്ടിയുള്ളവരാണ്, നിർവ്വികാരീ ദൃഷ്ടിയുള്ള ഒരാൾപോലും ഇല്ല. ഇപ്പോൾ നിങ്ങൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ഇപ്പോൾ ബാബ നിങ്ങളുടെ വികാരീ ദൃഷ്ടിയെ മാറ്റി നിർവ്വികാരീ ദൃഷ്ടിയുള്ളവരാക്കി മാറ്റുകയാണ്. ക്രിമിനൽ ദൃഷ്ടി ഉള്ളവരിലും അനേകം പ്രകാരത്തിലുള്ളവരുണ്ട്- ചിലർ പകുതി, ചിലർ മറ്റുപലരീതിയിൽ. എപ്പോൾ നിർവ്വികാരി ദൃഷ്ടിയാകുന്നുവോ അപ്പോൾ കർമ്മാതീത അവസ്ഥ ഉണ്ടാകും പിന്നീട് സഹോദര-സഹോദര ദൃഷ്ടിയുണ്ടാകും. ആത്മാവ് ആത്മാവിനെയാണ് നോക്കുന്നത്, ശരീരമേ ഇല്ലെങ്കിൽ പിന്നെ എങ്ങനെ കണ്ണുകൾ ക്രിമിനലാകും, അതിനാൽ ബാബ പറയുകയാണ് സഹോദരീ സഹോദരൻ എന്ന ബോധത്തിനും ഉപരിയായി മാറൂ. സഹോദര-സഹോദരരെന്ന് കരുതൂ. ഇതും വളരെ ഗുഹ്യമായ കാര്യമാണ്. ഒരിയ്ക്കലും ആരുടേയും ബുദ്ധിയിൽ വരില്ല. നിർവ്വികാരീ ദൃഷ്ടി എന്താണ് എന്നത് ആരുടേയും ബുദ്ധിയിൽ വരില്ല. അഥവാ വരുന്നുവെങ്കിൽ ഉയർന്ന പദവി നേടുമായിരുന്നു. ബാബ പറയുന്നു സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ശരീരത്തെ മറക്കണം. ഈ ശരീരം ഉപേക്ഷിക്കുന്നതും ബാബയുടെ ഓർമ്മയിൽ വേണം. ഞാൻ ആത്മാവ് ബാബയുടെ അടുത്തേയ്ക്ക് പോവുകയാണ്. ദേഹത്തിന്റെ അഭിമാനം ഉപേക്ഷിച്ച്, പവിത്രമാക്കി മാറ്റുന്ന ബാബയുടെ ഓർമ്മയിൽ തന്നെ വേണം ശരീരം ഉപേക്ഷിക്കാൻ. വികാരീ ദൃഷ്ടിയാണെങ്കിൽ ഉള്ളിന്റെയുള്ളിൽ കാർന്നുകൊണ്ടിരിക്കും. ലക്ഷ്യം വളരെ ഭാരിച്ചതാണ്. വളരെ നല്ല കുട്ടികളാണെങ്കിൽ പോലും അവരിൽ നിന്നും എന്തെങ്കിലുമൊക്കെ തെറ്റുകൾ സംഭവിക്കുന്നു കാരണം മായയുണ്ടല്ലോ. ആർക്കും കർമ്മാതീതമാകാൻ കഴിയില്ല. കർമ്മാതീത അവസ്ഥ അവസാനമാണ് ഉണ്ടാവുക അപ്പോഴേക്കും കണ്ണുകൾ നിർവ്വികാരിയാകും. പിന്നീട് ആത്മീയമായ സഹോദര സ്നേഹം ഉണ്ടാകും. ആത്മീയമായ സഹോദര സ്നേഹം വളരെ നല്ലതാണ്, പിന്നീട് ക്രിമിനൽ ദൃഷ്ടി ഉണ്ടാവില്ല, അപ്പോഴേ ഉയർന്ന പദവി നേടാൻ കഴിയൂ. ബാബ ലക്ഷ്യം മുഴുവനും പറഞ്ഞുതരുന്നു. ഇന്ന കുറവുകൾ എന്നിലുണ്ട് എന്ന് കുട്ടികൾ മനസ്സിലാക്കുന്നുണ്ട്. രജിസ്റ്റർ വെയ്ക്കുമ്പോൾ കുറവുകളെ തിരിച്ചറിയാൻ സാധിക്കും. രജിസ്റ്റർ വെയ്ക്കാതെയും നേരെയാകാൻ ചിലർക്ക് സാധിക്കും. പക്ഷേ ആരാണോ അപക്വം, അവർ തീർച്ചയായും രജിസ്റ്റർ വെയ്ക്കണം. അപക്വമായവർ ഒരുപാടുപേരുണ്ട്, ചിലർക്ക് എഴുതാൻ പോലും അറിയില്ല. മറ്റാരുടേയും ഓർമ്മ വരാത്ത തരത്തിലുള്ളതായിരിക്കണം അവസ്ഥ. നമ്മൾ ആത്മാക്കൾ ശരീരമില്ലാതെയാണ് വന്നത്, ഇപ്പോൾ അശരീരിയായി പോകണം. ഇതിനെക്കുറിച്ച് ഒരു കഥയുണ്ട്- നിങ്ങൾ ഊന്നുവടിപോലും എടുക്കരുത് എന്ന് അവരോട് പറഞ്ഞു, എന്തെന്നാൽ അവസാന സമയത്ത് അതും ഓർമ്മ വരും. ഒരു വസ്തുവിലും മമത്വം വെയ്ക്കരുത്. വളരെ പേർക്ക് പഴയ വസ്തുക്കളോട് മമത്വമുണ്ട്. ബാബയെ അല്ലാതെ മറ്റൊന്നും ഓർമ്മ വരരുത്. എത്ര ഉയർന്ന ലക്ഷ്യമാണ്. മൺകട്ടകൾ എവിടെക്കിടക്കുന്നു ശിവബാബയുടെ ഓർമ്മ എവിടെയിരിക്കുന്നു. യാചിക്കുന്നതിനുള്ള ആഗ്രഹം വെയ്ക്കരുത്. ഓരോരുത്തരും കുറഞ്ഞത് 6 മണിക്കൂറെങ്കിലും സേവനം തീർച്ചയായും ചെയ്യണം. ഗവൺമെന്റിന്റെ സേവനം 8 മണിക്കൂറാണ് ഉണ്ടാവുക എന്നാൽ പാണ്ഡവ ഗവൺമെന്റിന്റെ സേവനം കുറഞ്ഞത് 5-6 മണിക്കൂർ തീർച്ചയായും ചെയ്യൂ. വികാരികളായ മനുഷ്യർക്ക് ഒരിയ്ക്കലും ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. സത്യയുഗം നിർവ്വികാരി ലോകമാണ്. സർവ്വഗുണ സമ്പന്നർ, 16 കലാ

സമ്പൂർണ്ണർ........... എന്ന് ദേവതകളുടെ മഹിമ പാടാറുണ്ട് എങ്കിൽ നിങ്ങൾ കുട്ടികളുടെ അവസ്ഥ എത്ര ഉപരാമയായിരിക്കണം. മോശമായ ഒരു വസ്തുവിലും മമത്വം വെയ്ക്കരുത്. ശരീരത്തോട് പോലും മമത്വം ഉണ്ടാകരുത്, ഇത്രയും യോഗിയായിരിക്കണം. എപ്പോൾ ഇങ്ങനെയുള്ള സത്യം സത്യമായ യോഗിയാകുന്നോ അപ്പോൾ നിങ്ങൾ സദാ ഫ്രഷായിരിക്കും. സത്യയുഗത്തിലും അതേ സന്തോഷമുണ്ടാകും. ഇവിടെയും സന്തോഷമുണ്ടാകും പിന്നീട് അതേ സന്തോഷം കൂടെക്കൊണ്ടുപോകും. അന്തിമ മനസ്സ് പോലെയാണ് ഗതിയുണ്ടാവുക എന്ന് പറയാറില്ലേ. ഇപ്പോഴുള്ളത് മതമാണ് പിന്നീട് ഗതി സത്യയുഗത്തിൽ ഉണ്ടാകും. ഇതിൽ വളരെ വിചാര സാഗര മഥനം ചെയ്യണം.

ബാബ ദുഃഖഹർത്താവും സുഖകർത്താവുമാണ്. നിങ്ങൾ പറയാറുണ്ട് ഞങ്ങൾ ബാബയുടെ കുട്ടികളാണെന്ന് എങ്കിൽ നിങ്ങൾ ആർക്കും ദുഃഖം നൽകരുത്. എല്ലാവർക്കും സുഖത്തിന്റെ വഴി പറഞ്ഞുകൊടുക്കണം. അഥവാ സുഖം നൽകുന്നില്ലെങ്കിൽ തീർച്ചയായും ദുഃഖം നൽകും. ഇത് പുരുഷോത്തമ സംഗമയുഗമാണ്, ഇവിടെ നിങ്ങൾ സതോപ്രധാനമായി മാറാൻ പുരുഷാർത്ഥം ചെയ്യുകയാണ്. പുരുഷാർത്ഥവും നമ്പർവൈസായാണ്. കുട്ടികൾ എപ്പോഴാണോ നന്നായി സേവനം ചെയ്യുന്നത് അപ്പോൾ ഇന്ന കുട്ടി യോഗിയാണ് എന്ന് ബാബ അവരുടെ മഹിമ ചെയ്യുന്നു. ആരാണോ സേവനയുക്തരായ കുട്ടികൾ അവർ നിർവ്വികാരീ ജീവിതത്തിലാണ്. ആർക്കാണോ അല്പംപോലും അങ്ങനെയും ഇങ്ങനെയുമുള്ള ചിന്തകൾ വരാത്തത് അവരാണ് അവസാന സമയത്ത് കർമ്മാതീത അവസ്ഥയെ പ്രാപ്തമാക്കുന്നത്. നിങ്ങൾ ബ്രാഹ്മണരാണ് നിർവ്വികാരി ദൃഷ്ടിയുള്ളവരായി മാറുന്നത്. മനുഷ്യനെ ഒരിയ്ക്കലും ദേവതയെന്നു വിളിക്കില്ല. ആർക്കാണോ ക്രിമിനലായ ദൃഷ്ടിയുള്ളത് അവർ തീർച്ചയായും പാപം ചെയ്യും. സത്യയുഗീ ലോകം പവിത്രലോകമാണ്. ഇതാണ് പതിതലോകം. ഇതിന്റെ അർത്ഥവും മനസ്സിലാക്കുന്നില്ല. എപ്പോൾ ബ്രാഹ്മണനാകുന്നുവോ അപ്പോഴേ മനസ്സിലാക്കൂ. ജ്ഞാനം വളരെ നല്ലതാണ്, എപ്പോൾ സമയം ലഭിക്കുന്നുവോ അപ്പോൾ വരാം എന്നു പറയുന്നു. അവർ ഒരിയ്ക്കലും വരില്ല എന്നത് ബാബയ്ക്കറിയാം. ഇത് ബാബയെ അപമാനിക്കലാണ്. മനുഷ്യനിൽ നിന്നും ദേവതയാവുകയാണ് എങ്കിൽ ഉടനെ തന്നെ ചെയ്യേണ്ടേ. നാളെ എന്നു പറഞ്ഞാൽ മായ മൂക്കിനുപിടിച്ച് കുഴിയിൽ കൊണ്ടിടും. നാളെ നാളെ എന്നു പറഞ്ഞ് കാലം കഴിക്കും. ശുഭ കാര്യങ്ങളിൽ വൈകിക്കരുത്. കാലൻ തലയ്ക്കുമുകളിൽ നിൽക്കുന്നുണ്ട്. എത്ര മനുഷ്യരാണ് പെട്ടെന്ന് മരിക്കുന്നത്. ഇപ്പോൾ ബോംബ് വീണാൽ എത്ര മനുഷ്യർ മരിച്ചുപോകും! ഭൂകമ്പങ്ങൾ ഉണ്ടാകാറില്ലേ, അത് മുൻകൂട്ടി അറിയാൻ കഴിയില്ലല്ലോ. ഡ്രാമ അനുസരിച്ച് പ്രകൃതിക്ഷോഭങ്ങളും ഉണ്ടാകണം, ഇത് മുൻകൂട്ടി ആർക്കും അറിയാൻ കഴിയില്ല. വളരെ അധികം നഷ്ടങ്ങളുണ്ടാകും. പിന്നീട് ഗവൺമെന്റ് ട്രെയിൻ ടിക്കറ്റിന്റെ ചാർജ് വർദ്ധിപ്പിക്കും. മനുഷ്യർക്ക് യാത്രചെയ്യുകതന്നെ വേണം. മനുഷ്യർക്ക് ഇത്രയും നൽകാൻ കഴിയാൻ എങ്ങനെ വരുമാനത്തെ വർദ്ധിപ്പിക്കാൻ സാധിക്കും എന്ന് ചിന്തിക്കുന്നു. ധാന്യങ്ങൾക്ക് എത്ര വിലകൂടി. അതിനാൽ ബാബ ഇരുന്ന് മനസ്സിലാക്കിത്തരുകയാണ്– നിർവ്വികാരി ദൃഷ്ടിയുള്ളവരെയാണ് പവിത്രമെന്ന് പറയുന്നത്. ലോകത്തിന്റേത് ക്രിമിനൽ ദൃഷ്ടിയാണ്. നിങ്ങൾ ഇപ്പോൾ സിവിൽ ദൃഷ്ടിയുള്ളവരായി മാറുകയാണ്. പരിശ്രമമുണ്ട്, ഉയർന്ന പദവി നേടുക എന്നത് അമ്മായിയുടെ വീടല്ല. ആരാണോ വളരെ നിർവ്വികാരീദൃഷ്ടിയുള്ളവരായി മാറുന്നത് അവരാണ് ഉയർന്ന പദവി നേടുന്നത്. നിങ്ങൾ ഇവിടേയ്ക്ക് വന്നിരിക്കുന്നത് നരനിൽ നിന്നും നാരായണനായി മാറുന്നതിനായാണ്. പക്ഷേ നിർവ്വികാരി ദൃഷ്ടിയുള്ളവരായി മാറാത്തത് ആരാണോ അവർക്ക് ജ്ഞാനത്തെ ഗ്രഹിക്കാൻ സാധിക്കില്ല അവർക്ക് പദവിയും കുറവായിരിക്കും ലഭിക്കുക. ഈ സമയത്ത് മുഴുവൻ മനുഷ്യരുടേയും ദൃഷ്ടി ക്രിമിനലാണ്. സത്യയുഗത്തിലുള്ളത് സിവിൽ ദൃഷ്ടിയാണ്.

ബാബ മനസ്സിലാക്കിത്തരുന്നു– മധുരമായ കുട്ടികളേ, നിങ്ങൾ സ്വർഗ്ഗത്തിലെ അധികാരികളായ ദേവീ ദേവതകളായി മാറാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ വളരെ വളരെ നിർവ്വികാരി ദൃഷ്ടിയുള്ളവരായി മാറണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കു എങ്കിൽ 100 ശതമാനം ആത്മബോധമുള്ളവരാകാൻ സാധിക്കും. എല്ലാവർക്കും അർത്ഥം മനസ്സിലാക്കിക്കൊടുക്കണം. സത്യയുഗത്തിൽ പാപമുണ്ടാകുന്ന ഒരു കാര്യവും ഉണ്ടാകില്ല. അവർ സർവ്വഗുണ സമ്പന്നരും, സമ്പൂർണ്ണമായും നിർവ്വികാരീ ദൃഷ്ടിയുള്ളവരുമായിരിക്കും. ചന്ദ്രവംശികൾക്ക് രണ്ട് കലകൾ കുറവായിരിക്കും. ചന്ദ്രനും അവസാനമാകുമ്പോൾ ഒരു വര മാത്രം ശേഷിക്കും. പൂർണ്ണമായും ഇല്ലാതാകില്ല. പ്രായലോപമായി എന്നാണ് പറയാറ്. മേഘങ്ങൾക്കിടയിൽ കാണാൻ കഴിയില്ല. ബാബ പറയുകയാണ് നിങ്ങളുടെ ജ്യോതിയും പൂർണ്ണമായും അണയില്ല, അൽപമാത്രം പ്രകാശം അവശേഷിക്കും. പിന്നീട് സുപ്രീം ബാറ്ററിയിൽ നിന്നും നിങ്ങൾ ശക്തി നേടുന്നു. എന്നോടൊപ്പം എങ്ങനെ നിങ്ങൾക്ക് യോഗം വെയ്ക്കാൻ സാധിക്കും എന്നത് സ്വയം വന്ന് പഠിപ്പിച്ച് തരുന്നു. ടീച്ചർ പഠിപ്പിക്കുമ്പോൾ ബുദ്ധിയോഗം ടീച്ചറുമായി വെയ്ക്കേണ്ടേ. ടീച്ചർ എന്ത് നിർദ്ദേശം നൽകുന്നുവോ അത് പഠിക്കും. നമ്മളും പഠിച്ച് ടീച്ചർ അല്ലെങ്കിൽ വക്കീലാകും, ഇതിൽ കൃപയുടേയോ

ആശീർവാദത്തിന്റേയോ കാര്യമില്ല. തലകുമ്പിടേണ്ട ആവശ്യവുമില്ല. അതെ, അഥവാ ആരെങ്കിലും ഹരി ഓം എന്നോ രാമരാമാ എന്നോ പറയുകയാണെങ്കിൽ തിരിച്ച് പറയേണ്ടിവരും. അവിടെ ബഹുമാനം നൽകണം. അഹങ്കാരം കാണിക്കരുത്. നിങ്ങൾക്ക് അറിയാം നമുക്ക് ഒരു ബാബയെയാണ് ഓർമ്മിക്കേണ്ടത്. ആരെങ്കിലും ഭക്തി ഉപേക്ഷിച്ചാൽ അതും ബഹളമാകും. ഭക്തി ഉപേക്ഷിക്കുന്നവർ നാസ്തികരാണ് എന്ന് കരുതുന്നു. അവർ നാസ്തികർ എന്ന് പറയുന്നതിലും നിങ്ങൾ പറയുന്നതിലും എത്ര വ്യത്യാസമുണ്ട്. നിങ്ങൾ പറയുന്നു അവർക്ക് അച്ഛനെ അറിയില്ല അതിനാൽ അവർ നാസ്തികരാണ്, അനാഥരാണ്, അതിനാലാണ് എല്ലാവരും വഴക്കടിച്ചുകൊണ്ടിരിക്കുന്നത്. ഓരോ വീട്ടിലും വഴക്കും അശാന്തിയുമാണ്. ക്രോധത്തിന്റെ അടയാളമാണ് അശാന്തി. അവിടെ എത്ര അളവറ്റ ശാന്തിയാണ്. മനുഷ്യർ പറയുന്നു ഭക്തിയിലൂടെ വളരെ അധികം ശാന്തി ലഭിക്കുന്നു, പക്ഷേ അത് അല്പകാലത്തിലേയ്ക്കാണ്. സദാ കാലത്തിലേയ്ക്ക് ശാന്തിവേണ്ടേ. നിങ്ങൾ സനാഥരിൽ നിന്നും അനാഥരായി മാറുന്നു അപ്പോഴാണ് ശാന്തിയിൽ നിന്നും അശാന്തരായി മാറുന്നത്. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് നൽകുന്നു. പരിധിയുള്ള അച്ഛനിൽ നിന്നും പരിധിയുള്ള സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു. വാസ്തവത്തിൽ അത് ദുഃഖത്തിന്റേതാണ്, കാമകഠാരിയുടെ സമ്പത്താണ്, അതിൽ ദുഃഖം തന്നെ ദുഃഖമാണ് അതിനാലാണ് ബാബ പറയുന്നത്- നിങ്ങൾ ആദി മദ്ധ്യ അന്ത്യം ദുഃഖം നേടുകയാണ്.

ബാബ പറയുന്നു പതിത പാവനനായ എന്നെ ഓർമ്മിക്കൂ, ഇതിനെയാണ് സഹജമായ ഓർമ്മ, സഹജമായ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം എന്ന് പറയുന്നത്. നിങ്ങൾ സ്വയത്തെ ആദിസനാതന ദേവീ ദേവതാ ധർമ്മത്തിലേതാണ് എന്ന് മനസ്സിലാക്കുകയാണെങ്കിൽ തീർച്ചയായും സ്വർഗ്ഗത്തിലേയ്ക്ക് വരും. സ്വർഗ്ഗത്തിൽ എല്ലാവരും നിർവ്വികാരി ദൃഷ്ടിയുള്ളവരാണ്, ദേഹാഭിമാനത്തെയാണ് ക്രിമിനൽ ദൃഷ്ടി എന്നു പറയുന്നത്. സിവിൽ ദൃഷ്ടിയിൽ ഒരു വികാരവും ഉണ്ടാകില്ല. ബാബ എത്ര സഹജമായാണ് മനസ്സിലാക്കിത്തരുന്നത് പക്ഷേ കുട്ടികൾക്ക് ഇതുപോലും ഓർമ്മ നിൽക്കുന്നില്ല എന്തുകൊണ്ടെന്നാൽ ക്രിമിനൽ ദൃഷ്ടിയാണ്. അതിനാൽ മോശമായ ലോകംതന്നെ ഓർമ്മ വരുന്നു. ബാബ പറയുന്നു ഈ ലോകത്തെ മറന്നുകളയൂ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം-

1. ശരീരത്തോട് അല്പംപോലും മമത്വം ഇല്ലാത്ത രീതിയിൽ യോഗിയായി മാറണം. മോശമായ ഒരു വസ്തുവിലും ആസക്തി ഉണ്ടാകരുത്. അതിരുകളില്ലാത്ത സന്തോഷമുണ്ടായിരിക്കണം, അവസ്ഥ അത്രയും ഉപരാമമായിരിക്കണം.

2. കാലൻ തലയ്ക്കുമുകളിലുണ്ട് അതിനാൽ ശുഭകാര്യങ്ങൾ വൈകിക്കരുത്. നാളേയ്ക്കായി മാറ്റിവെയ്ക്കരുത്.

## വരദാനം:- അതിസമർത്ഥനായ ബാബയോട് അതിസാമർത്ഥ്യം കാണിക്കുന്നതിന് പകരം അനുഭവ ശക്തിയിലൂടെ സർവ്വ പാപങ്ങളിൽ നിന്നും മുക്തരായി ഭവിക്കട്ടെ.

പല കുട്ടികളും അതിസമർത്ഥനായ ബാബയോട് പോലും അതിസാമർത്ഥ്യം കാണിക്കാറുണ്ട്-തന്റെ കാര്യം നേടുന്നതിന് വേണ്ടി, തന്റെ പേര് നന്നാക്കുന്നതിന് വേണ്ടി ആ സമയത്ത് അനുഭവം ചെയ്യുന്നു, പക്ഷെ ആ അനുഭവത്തിൽ ശക്തിയുണ്ടാകില്ല, അതിനാൽ പരിവർത്തനം നടക്കുന്നില്ല. ഇത് ശരിയല്ല എന്ന് മനസ്സിലാക്കുന്നവർ പലരുമുണ്ട് പക്ഷെ പേര് മോശമാകരുത് എന്ന് ചിന്തിക്കുന്നു, അതിനാൽ തന്റെ വിവേകത്തെ കൊല്ലുന്നു. ഇതും പാപത്തിന്റെ കണക്കിലേക്ക് വരവ് വെക്കുന്നു, അതിനാൽ അതിസാമർത്ഥ്യം ഉപേക്ഷിച്ച് സത്യമായ ഹൃദയത്തിന്റെ അനുഭവത്തിലൂടെ സ്വയത്തെ പരിവർത്തനം ചെയ്ത് പാപങ്ങളിൽ നിന്ന് മുക്തരാകൂ.

## സ്ലോഗൻ:- ജീവിതത്തിൽ ഭിന്ന-ഭിന്ന ബന്ധനങ്ങളിൽ നിന്നും മുക്തരായിരിക്കുക തന്നെയാണ് ജീവന്മുക്ത സ്ഥിതി.